# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ പൂഴാതി ഗ്രാമ പഞ്ചായത്തിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ. കെ.ഉത്തമന്റെ ചികിൽസയ്ക്ക് നേരിട്ട ചെലവ് - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.2721 /2013/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 05/11/2013.**

---

പരാമർശം:- 1) ശ്രീ. കെ.ഉത്തമന്റെ 26/11/2012 ലെ അപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 09/04/2013,04/09/2013 തീയതികളിലെ എഫ്2-39689/12 നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ പൂഴാതി ഗ്രാമ പഞ്ചായത്തിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ.കെ.ഉത്തമന്റെ ചികിൽസയ്ക്ക് കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ് എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിത്സാ ചെലവിൽ രൂപ 1,69,834/- (രൂപ ഒരു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി മുപ്പത്തി നാല് രൂപ മാത്രം) അനുവദനീയമാണെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പൂഴാതി ഗ്രാമ പഞ്ചായത്തിലെ അപ്പർ ഡിവിഷൻ ക്ലാർക്ക് ശ്രീ. കെ.ഉത്തമന്റെ ചികിൽസയ്ക്ക് കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ് എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ 1,35,867/- (രൂപ ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത്തി ഏഴു രൂപ മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ. കെ.ഉത്തമന് നേരിട്ട ചികിത്സയ്ക്ക് ചെലവായ അനുവദനീയമായ തുകയുടെ 80% തുകയായ 1,35,867 /- (രൂപ ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത്തി ഏഴു രൂപ മാത്രം) പൂഴാതി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് അപേക്ഷകന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.രവീന്ദ്രൻ**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LB&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം;
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ശ്രീ.കെ. ഉത്തമൻ, അപ്പർ ഡിവിഷൻ ക്ലാർക്ക് പൂഴാതി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ പുഴാതി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധന കാര്യ വകുപ്പ്(01/10/2013 ലെ 82276/ww 3/13/ഫിൻ) പ്രകാരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ